# പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ

## 2011 സെപ്തംബർ 8

### യോഹ 19:25-27

ഫാ. വർഗീസ് സാമുവൽ കിഴക്കേവിള

കുതറാത്ത സഹനം കുരിശിൽ. പതറാത്ത സ്നേഹം കുരിശിനരികിൽ. കുരിശുകൾക്കു കീഴെ പിരിയാത്ത സ്നേഹം.

യേശു തന്റെ അമ്മയെ കണ്ടു. താൻ സ്നേഹിച്ച ശിഷ്യനെയും കണ്ടു.

പൊക്കിൾക്കൊടിയുടെ ബന്ധവും. നെഞ്ചോടു ചാരിക്കിടന്ന ബന്ധവും. ശരീരം പങ്കുവച്ചവൻ, രക്തം പങ്കുവച്ചവൻ, ആത്മീയമായ പൊക്കിൾക്കൊടിയാൽ അമ്മയെ സ്നേഹിക്കുന്നവരുമായി ബന്ധിപ്പിച്ചു. എന്നെ സ്നേഹിക്കുന്നവർക്ക് അമ്മയാണ് ഈ അമ്മ. സ്നേഹിച്ച ശിഷ്യന് സ്നേഹിച്ച അമ്മയെ നൽകി. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. ക്രിസ്തു സ്നേഹിക്കുന്നതിനെ സ്നേഹിക്കുന്നതാണ് ക്രിസ്തീയത.

ഇതാ കർത്താവിന്റെ ദാസിയെന്ന വാഗ്ദാനത്തിന് സ്വജീവിതത്താൽ അടയിരുന്ന ജന്മമാണ് പരിശുദ്ധ കന്യകാമാതാവിന്റേത്. കുരിശിന്റെ ചുവട്ടിലും യേശുവിന്റെ കുരിശുവഴികളിലും മൗനിയായി മാതാവ് മനസിൽ ഗോഗുൽത്തായെ ചുമക്കുകയായിരുന്നു. തന്നെ ദൈവത്തിൽ ബന്ധിച്ച വാക്യം. "ഇതാ ഞാൻ കർത്താവിന്റെ ദാസി" (ലൂക്കാ 1:38). ആ ബന്ധത്തിൽ പിന്നീടൊരു മറുചിന്തയില്ല. അവന്റെ ഹിതം എന്റെ ഹിതം.

സ്നാപകയോഹന്നാൻ പറയുന്നു. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3:30). കർത്താവിന്റെ വളർച്ച കുരിശിൽ പടർന്നുകയറുമ്പോൾ കുറഞ്ഞു കുറഞ്ഞു കുരിശിനു താഴെ ദാസ്യം പൂർണതയിൽ സ്വന്തമാക്കുന്നു ഈ അമ്മ. പിതാവിന്റെ മുമ്പിൽ ദാസനായി മാറുന്ന പുത്രന്റെയരികിൽ ദാസ്യത്തിന്റെ ദാസ്യമായി മാറുന്നു മാതാവ്. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ - അതെ, കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി 2:6-7).

കരുത്തിൽ ഒന്നാമനാര് എന്നന്വേഷിക്കുന്ന ലോകത്ത് ദൈവം തന്നെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം യുക്തിക്കു വരികയാണ്. മാതാവ് പറയുന്നു; അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും (ലൂക്കാ 1:48).

ശിഷ്യരുടെ കാലുകഴുകിയ തമ്പുരാന്റെ അമ്മ നമ്മെ വിനീതഹൃദയരാക്കട്ടെ. ദൂതൻ ദൈവകൃപ നിറഞ്ഞവളേയെന്ന് അമ്മയെ സംബോധന ചെയ്തു. ദൈവകൃപ നിറഞ്ഞവർക്കേ വിനീതരാകാനാകൂ.

ബേത്‌ലഹേം എന്ന പദത്തിന്റെ അർത്ഥം അപ്പത്തിന്റെ ഭവനമെന്നാണ്. ലോകത്തിനു മുഴുവനും വേണ്ടി മുറിയുന്ന അപ്പമായ ഈശോയുടെ അൾത്താരാ ശുശ്രൂഷിയാകുന്നു മാതാവ്.

ഒന്നും തികഞ്ഞു പറ്റാത്തവരുടെയിടയിൽ കിട്ടാത്ത പട്ടുമെത്തയെപ്പറ്റി പരിഭവം

പറയാതെ കിട്ടിയ പുല്ലുകൊണ്ട് മെത്തയൊരുക്കുന്ന മാതാവിനെ നാം കാണുന്നു.

അരികിലുള്ളതിനെ വിനിയോഗിക്കാതെ അകലങ്ങളിലെ നക്ഷത്രങ്ങളെ നോക്കി നെടുവീർപ്പിടാനല്ല നമ്മുടെ ജന്മം. കൂടെയുള്ളത് ദൈവമെന്ന തിരിച്ചറിവ് നമ്മളിൽ പൂജരാജാക്കന്മാരുടെ ജ്ഞാനമാണ്, ആട്ടിടയന്മാരുടെ നൈർമ്മല്യമാണ്. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല (ലൂക്കാ 2: 6–7).

അഹംഭാവികൾ കൂടുന്നിടം അസ്വസ്ഥതയുടെ കൂടാണ്. വിനീതഹൃദയർ കൂടുന്നിടം സന്തോഷത്തിന്റെ കൂടാണ്. കാനായിൽ ഭവനത്തിന്റെ ഉള്ളറയിൽ കയറുന്ന മാതാവ് ഒരു വീടിന്റെ ശ്രദ്ധകിട്ടാത്ത സ്ഥലത്താണ് എത്തുന്നത്. സ്വീകരണമുറിയിലല്ല മാതാവ് ഇരിക്കുന്നത്. അവിടെ ഏറെ ശ്രദ്ധകിട്ടാത്ത കലവറയിലെത്തി. ദുഃഖം കൊണ്ട് ഒഴിഞ്ഞ ഭരണികൾ നിറയ്ക്കുന്ന വീട്ടുകാരെ കാണുന്നു.

ദൈവം കൂടെയുള്ള ആൾക്ക് ഒരു കുറവും കുറവല്ലല്ലൊ. പുത്രനോടു പറയുന്നു. പുത്രൻ അത്ഭുതം പ്രവർത്തിക്കുന്നു. ആദ്യത്തെ അത്ഭുതം പീഡാനുഭവത്തിന്റെ പ്രാരംഭ ഭാഗം. പച്ചവെള്ളം വീഞ്ഞാക്കുന്നു. പെസഹായിൽ വീഞ്ഞിനെ രക്തമാക്കുന്നു. കുരിശിൽ ജീവജലത്തിന്റെ അരുവി സമാനം അവന്റെ ഹൃദയത്തിൽനിന്ന് സഭയ്ക്കായി ആ രക്തം ഒഴുകുന്നു.

കുരിശ് അൾത്താരയെങ്കിൽ ഇതെന്റെ രക്തം ഇതെന്റെ ശരീരം എന്നു പറയുവാൻ ഏറെ യോഗ്യതയുള്ള മാതാവ് മൗനംകൊണ്ട് പള്ളി പണിയുന്നു.

കർത്താവിന്റെ മാറിൽ ചാരിയ യോഹന്നാൻ പിന്നീടൊന്നും അറിഞ്ഞില്ല. കുരിശിന്റെ പിന്നാലെ സ്നേഹത്തിന്റെ കാന്തികവലയത്തിൽ ചലിച്ചു. സ്നേഹത്തെപ്രതി ഏറ്റവുമധികം എഴുതി. ഏറ്റവും വലിയ സ്നേഹമായി. സ്നേഹം ഹൃദയത്തിൽ പാകം ചെയ്ത് ലോകത്തിനു മുഴുവനായി വിളമ്പിയ അമ്മ. എനിക്കും ഈശോയ്ക്കും ഒരേയമ്മ. യേശു സ്നേഹിക്കുന്നവർക്കേ ഈ അമ്മയെ സ്വന്തമായി കിട്ടൂ. അല്ലാത്തവർ അവളെ കല്ലെറിയും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&